പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ്

291. [464] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് സാധാരണ എത്രവർഷം കൂടുമ്പോഴാണ് നടത്താറ്;

(ബി) കഴിഞ്ഞ ഗ്രൂപ്പിംഗ് കഴിഞ്ഞാൽ വീണ്ടും ഗ്രൂപ്പിംഗ് നടത്തേണ്ട തീയതി എന്നായിരുന്നു;

(സി) സമയത്തുതന്നെ പഞ്ചായത്തുകളുടെ ഗ്രൂപ്പിഗ് നടത്താതിരിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) ഗ്രൂപ്പിംഗ് പ്രപ്പോസലുകൾ എല്ലാ ജില്ലാ ആഫീസുകളിൽ നിന്നും അവസാനമായി പഞ്ചായത്ത് ഡയറക്ടറാഫീസിൽ എന്നാണ് കിട്ടിയത്;

(ഇ) ഈ കിട്ടിയ പ്രപ്പോസലുകളിൽ ഡയറക്ടറാഫീസിൽ നിന്ന് തീരുമാനം എടുത്ത് ഗവൺമെൻറിലേക്ക് അയച്ചുവോ ;

(എഫ്) ഇല്ലെങ്കിൽ കാലതാമസത്തിൻറെ കാരണങ്ങൾ എന്താണ് ;

(ജി) ഈ കാലതാമസം ഒഴിവാക്കി എന്നത്തേക്ക് ഡയറക്ടർക്ക് ഗവൺമെൻറിലേയ്ക്ക് പ്രപ്പോസൽ അയയ്ക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്;

(എച്ച്) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് ഈ വർഷംതന്നെ നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ ;

(ഐ) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ജെ) മുൻ ഗ്രൂപ്പിംഗ്എടുത്ത സാമ്പത്തികതോത് തന്നെ ഇപ്പോഴത്തെ ഗ്രൂപ്പിംഗിന് എടുക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) സാധാരണ ഗതിയിൽ മൂന്നുവർഷം കൂടുമ്പോഴാണ് പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് നടത്തേണ്ടത്.

(ബി) 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിലെ വരുമാനത്തിൻറെ അടിസ്ഥാനത്തിൽ അടുത്ത ഗ്രൂപ്പിംഗ് 1984-85 സാമ്പത്തിക വർഷാവസാനത്തിൽ നടത്തേണ്ടതായിരുന്നു.

(സി) എല്ലാ ജില്ലാ പഞ്ചായത്താഫീസർമാരിൽ നിന്നും ലഭിച്ച പ്രപ്പോസലുകൾ വിശദമായി പരിശോധിക്കേണ്ടതുണ്ട്. 1001 പഞ്ചായത്തുകളുടെ മൂന്നുവർഷത്തെ വരുമാനം തിട്ടപ്പെടുത്തിയിരിക്കുന്നത് ശരിയാണോയെന്നുള്ള പരിശോധന, വിവിധ വരുമാന പരിധികളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ഗ്രേഡ് തരം തിരിക്കുന്നതിനുള്ള പരിശോധന എന്നിവ പഞ്ചായത്ത് ഡയറക്ടർ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ലഭിച്ചുകഴിഞ്ഞാലുടൻ പരിശോധിച്ച് വേണ്ട ഉത്തരവ് പുറപ്പെടുവിക്കും. ഓരോ വിഭാഗത്തിലും ഉൾപ്പെടുത്തേണ്ട പഞ്ചായത്തുകളുടെ പരമാവധി വരുമാന പരിധി നിശ്ചയിക്കുന്നതിനുള്ള കാലതാമസം ഗ്രൂപ്പിംഗ് നടത്തുന്നതിന് കാലവിളംബരം വരുത്തി.

(ഡി) 31-12-1985-കൊണ്ട് എല്ലാ ജില്ലാപഞ്ചായത്ത് ആഫീസുകളിൽ നിന്നും ഗ്രൂപ്പിംഗ് പ്രപ്പോസലുകൾ പഞ്ചായത്ത് ഡയറക്ടറാഫീസിൽ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അയച്ചിട്ടില്ല.

(എഫ്) കഴിഞ്ഞ റീഗ്രൂപ്പിംഗിന്റെ സമയത്ത് മുൻപുണ്ടായിരുന്ന വരുമാന പരിധി ഉയർത്തിയിരുന്നു. ആയതിനാൽ നിലവിലുള്ള വരുമാനപരിധിക്കുള്ളിൽനിന്നുകൊണ്ട് തന്നെ ഇപ്പോഴത്തെ റീഗ്രൂപ്പിംഗ് നടത്തേണ്ടതുണ്ടോ, അതോ വരുമാനപരിധി ഉയർത്തേണ്ടതുണ്ടോ ഇവയെക്കുറിച്ച് വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനാലാണ് കാലതാമസം നേരിടുന്നത്.

(ജി) മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദമായി പരിശോധന നടത്തി തീരുമാനമെടുത്ത് ഉടൻ തന്നെ പ്രപ്പോസൽ സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എച്ച്) ഈ വർഷംതന്നെ ഗ്രൂപ്പിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) മുൻ ഗ്രൂപ്പിംഗിന് എടുത്ത സാമ്പത്തിക തോത്തന്നെ ഇപ്പോഴത്തെ ഗ്രൂപ്പിംഗിന് എടുക്കാമോയെന്നകാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ഉപ്പുതറയിൽ പഞ്ചായത്ത് വക ഒരു ഷോപ്പിംഗ് സെന്റർ

292. [465] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പുതറയിൽ ഒരു ഷോപ്പിംഗ് സെന്റർ പണിയുന്നതിന് സർക്കാരിന് നിർദ്ദേശം വല്ലതുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പണിയുന്നതിനുള്ള താമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഒറശേഖരമംഗലം പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിന് വേണ്ടിയുള്ള പഞ്ചായത്തുവക സ്ഥലമെടുപ്പ്

293 [466] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറശേഖരമംഗലം പഞ്ചായത്തിലെ ഷോപ്പിംഗ്കോംപ്ലക്സിന് വേണ്ടിയുള്ള സ്ഥലമെടുപ്പിൻമേലുള്ള ഗവൺമെന്റ് സ്റേറ നടപടി എന്തായി ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് സംബന്ധിച്ച്നാളിതുവരെ എത്ര സ്റേറ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയെങ്കിലും പ്രസ്തുത സ്ഥലം അടിയന്തിരമായി എടുത്ത് പഞ്ചായത്തിനെ ഏൽപ്പിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സ്ഥലമെടുപ്പ് നടപടികൾ സർക്കാർ പിൻ വലിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly